കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്

232 (4518) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി സെക്യൂരിറ്റി മേഖലയിൽ തൊഴിൽ മികവ് കേന്ദ്രം ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി ഏതെല്ലാം സ്ഥാപനങ്ങളാണ് സഹകരിച്ചത്;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് വഴി ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലും സെക്യൂരിറ്റി മേഖലയിൽ തൊഴിൽ മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഭാരതത്തിനകത്തും പുറത്തും സെക്യൂരിറ്റി മേഖലയിലുള്ള ആവശ്യകത കണക്കിലെടുത്ത്, ഈ മേഖലയിൽ വിദഗ്ധരായ തൊഴിലാളികളെ വാർത്തെടുക്കുക എന്നുള്ളതാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി തദ്ദേശീയ തലത്തിൽ തിരുവനന്തപുരത്ത് പ്രമാടിക്, അന്തർദ്ദേശീയതലത്തിൽ അങ്കമാലിയിലെ ഇൻകലിൽ ഗ്രൂപ്പ് എൽ എന്നീ സ്ഥാപനങ്ങൾ സഹകരിച്ചിട്ടുണ്ട്.

(ഡി) നൈപുണ്യം സമ്മിറ്റുമായി ബന്ധപ്പെട്ട് സെക്യൂരിറ്റി സ്കിൽസ് മേഖലയിൽ നൈപുണ്യ വികസന കേന്ദ്രം തുടങ്ങുന്നതിന് ലഭ്യമായ എക്സ്പ്രഷൻ ഓഫ് ഇന്റെറസ്റ്റുകൾ സൂക്ഷ്മമായി വിശകലനം ചെയ്യുകയും സ്വകാര്യ പങ്കാളിയെ കണ്ടെത്തുകയുമുണ്ടായി. തദ്ദേശീയതലത്തിൽ തിരുവനന്തപുരത്ത് സ്ഥലം ഏറ്റെടുക്കുകയും പ്രമാടിക് എന്ന സ്ഥാപനവുമായി ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുകയും ചെയ്തു. അന്തർദ്ദേശീയതലത്തിൽ അങ്കമാലിയിലെ ഇൻകലിൽ സ്ഥലം ഏറ്റെടുക്കുകയും ഗ്രൂപ്പ് എൽ എന്ന സ്ഥാപനവുമായി ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly